## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4351 | 24.10.2016 ൽ മറുപടിയ്ക്ക്

### സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയിൽ, താരതമ്യേന കുറഞ്ഞ സാമ്പത്തിക ബാധ്യത മാത്രം ഉണ്ടായേക്കാവുന്ന, കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ച് വരുന്നു. |
| (ബി) നിലവിലുള്ള 2014 കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണംമൂലം എത്ര തുക അധിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) പ്രതിമാസം ഏകദേശം 46.63 ലക്ഷം രൂപ അധിക ബാധ്യത വരുമെന്ന് കണക്കാക്കുന്നു. |
| (സി) താൽക്കാലിക ജീവനക്കാർക്കും, പായ്ക്കിങ് തൊഴിലാളികൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും തരത്തിലുള്ള വേതന വർദ്ധനവ് നടപ്പാക്കിയിട്ടുണ്ടോ; ഇവർക്ക് സംസ്ഥാന സർക്കാർ അംഗീകരിച്ച മിനിമം വേതനം നൽകുന്നുണ്ടോ; | (സി) വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ദിവസവേതനക്കാരുടെ വേതനം 250/- രൂപയിൽ നിന്ന് 350/- രൂപയായും, പാക്കിംഗ് തൊഴിലാളികളുടെ വേതനം പായ്ക്കറ്റ് ഒന്നിന് 50 പൈസയിൽ നിന്ന് 75 പൈസയായും 07.09.2016 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ അംഗീകരിച്ച മിനിമം വേതന പരിധിയിൽ ഉൾപ്പെടുന്നതുമാണ്. |
| (ഡി) പ്രതിദിനം പത്ത് മണിക്കൂറിലധികം ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള സപ്ലൈകോയിലെ ജീവനക്കാർക്ക് അധിക വേതനമോ മറ്റേതെങ്കിലും ആനുകൂല്യങ്ങളോ നൽകിവരുന്നുണ്ടോ; | (ഡി) സപ്ലൈകോ ജീവനക്കാർക്ക് ½ ഡി.എ, ¼ ഡി.എ അവധി വേതനം എന്നിവ നൽകി വരുന്നു. |

| | |
|---|---|
| (ഇ) സപ്ലൈകോയിൽ കോമൺ സർവീസ് റൂൾ നിർമ്മിക്കാനും വർക്ക് സ്റ്റഡി പൂർത്തീകരിച്ച് സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുവാനും ജീവനക്കാരുടെ സംഘടനകളു മായി ധാരണയുണ്ടാക്കിയിരു ന്നുവോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചി ട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സപ്ലൈകോ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെട്ട ത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) ഉണ്ട്. സപ്ലൈകോ ജീവനക്കാർക്കുവേണ്ടിയുള്ള കോമൺ സർവ്വീസ് റൂൾ 30.12.15 ൽ സപ്ലൈകോ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട്, ജീവനക്കാർക്ക് പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് 31.03.16 വരെ സമയം നൽകുകയും ടി കാലയളവിനുള്ളിൽ ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മാനേജർ (ഫിനാൻസ്) കൺവീനറായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സപ്ലൈകോ ജീവനക്കാർക്കായി NPS (നാഷണൽ പെൻഷൻ സിസ്റ്റം) നടപ്പിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വരുത്തുന്നതുമൂലം സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്ന വിവരം 25.5.15 ൽ അറിയിച്ചിട്ടുണ്ട്. 21.07.2016 ൽ തിരുവനന്തപുരത്തു വച്ച് ഡിപ്പാർട്ടുമെന്റും PFRDA യും സംയുക്തമായി സംഘടിപ്പിച്ച 'NPS' awareness programme നെ തുടർന്ന് KSR part III ബാധകമല്ലാത്ത സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും NPS ന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ